<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനഞ്ചാം സമ്മേളനം**</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3477** | 20.**06.2019**– ൽ മറുപടിക്ക് |

**വയനാട് ജില്ലയിലെ റീബിൽഡ് കേരള പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. കെ. ശശീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | വയനാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (എ)<br>&<br>(ബി) | പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി എടുത്ത്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്നതാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ലക്ഷ്യം. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയായ കേരള പുനർനിർമാണ വികസന പരിപാടി **(Rebuild Kerala Development Programme, RKDP**) ഇതിനായി തയാറാക്കിയിട്ടുണ്ട്.<br>സംയോജിത ജലവിഭവ മാനേജ് മെന്റും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും , ഫിഷറീസ്, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും |
| (ബി) | പ്രസ്തുതപദ്ധതിയുടെ നിർദ്ദേശങ്ങൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ? | | |

| | | |
|---|---|---|
| | | വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള കൂടുതൽ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>പദ്ധതികൾക്ക് അന്തിമരൂപമാകുന്ന മുറയ്ക്ക് വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാകും. അതേസമയം, KSTP വായ്പയുടെ പുനർഘടന പ്രകാരം ലഭ്യമാകുന്ന ധനസഹായം ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ, പി.എം.ജി.എസ്.വൈ. നിലവാരത്തിൽ നിർമിക്കുന്നതിനായി പരിശോധന പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ റോഡുകളുടെ പട്ടികയിൽ വയനാട് ജില്ലയിൽനിന്ന് 87.113 കിലോമീറ്റർ ദൈർഘ്യമുള്ള 34 റോഡുകൾ ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**